# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1593** — **14-12-2012 ൽ മറുപടിയ്ക്ക്**

## സന്നദ്ധ സംഘടനകൾക്കും സ്വയംസഹായ സംഘങ്ങൾക്കും കാർഷിക പ്രവൃത്തികൾക്ക് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സന്നദ്ധ സംഘടനകൾക്കും സ്വയംസഹായ സംഘങ്ങൾക്കും കാർഷിക പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സന്നദ്ധ സംഘടനകൾക്കും സ്വയം സഹായ സംഘങ്ങൾക്കും കാർഷിക പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ചില സംസ്ഥാന പദ്ധതികളിലും കേന്ദ്ര പദ്ധതികളിലും ഉൾപ്പെടുത്തി സന്നദ്ധ സംഘടനകൾക്കും സ്വയംസഹായ സംഘങ്ങൾക്കും സഹായം ലഭ്യമാക്കുന്നുണ്ട്. |
| (ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന പദ്ധതികളായ മൂല്യവർദ്ധനവ് (Value addition) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും ധനസഹായം നൽകുന്നുണ്ട്. ധനസഹായം ലഭിക്കുന്നതിന് അതാത് പദ്ധതികളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ധനസഹായം ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിലും 2012-13 സാമ്പത്തിക വർഷത്തിലും ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളും വ്യക്തികളും ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സന്നദ്ധ സംഘടനകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനാ പദ്ധതി പ്രകാരം പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന് 30 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി യിട്ടുണ്ട്. (അനുബന്ധം II)<br>2012-13 വർഷത്തിൽ മൂല്യവർദ്ധനവ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിന് നെല്ലുല്പാദക സമിതി, കാഞ്ഞിരങ്ങാട്, മക്കിയാട്, വയനാട് എന്ന സംഘടനയ്ക്ക് 220 ലക്ഷം രൂപ നൽകിയിട്ടുണ്ട്. (അനുബന്ധം III)<br>രാഷ്ട്രീയ കൃഷി വികാസ് യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 വർഷത്തിൽ കൃഷി-മൃഗസംരക്ഷണ മേഖലകൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം I) |
| (ഡി) | ഏതെല്ലാം സ്ഥാപന ങ്ങൾക്കും ഏതെല്ലാം വ്യക്തികൾക്കും എത്ര തുക വീതം അനുവദിച്ചുവെന്നും ഏത് ഉത്തരവു മുഖേനയാണ് തുക അനുവദിച്ചതെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ? | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ